കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എരുമേലി ഗ്രാമപഞ്ചായത്ത് മുനിസിപ്പൽ ടൗൺഷിപ്പാക്കുന്നത് സംബന്ധിച്ചുള്ള പ്രായോഗിക പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

ജി.ഒ.(എം.എസ്) നം. 222 /2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 14/8/2012.

=====================================================================

പരാമർശം:- 1. ജി.ഒ. (എം.എസ്) നമ്പർ 64/2012/തസ്വഭവ തീയതി 12/3/2012.
2. ശ്രീ. പി.സി.ജോർജ്, ബഹു. ഗവ. ചീഫ് വിപ്പ് ബഹു:വ്യവസായ-ഐ.റ്റി-നഗരവകുപ്പ് മന്ത്രിക്ക് 22.02.2012 തീയതിയായി സമർപ്പിച്ച 105/ചീഫ് വിപ്പ്/2012 (ആർ) നമ്പർ ഉത്തരവ്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിനെ ഒരു ടൗൺഷിപ്പായി ഉയർത്തുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിൻേറയും, ആയതിലേക്കായി 2 കോടി രൂപ വകകൊള്ളിച്ചതിൻേറയും' അടിസ്ഥാനത്തിൽ എരുമേലിയുടെ അടിയന്തിര വികസനത്തിനായി "എരുമേലി ടൗൺഷിപ്പ് വികസന ഏജൻസി" രൂപീകരിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എരുമേലി ടൗണിൻെറ പരിധിയിൽ വരുന്ന 1 മുതൽ 8 വരെയും 19 മുതൽ 23 വരെയുമുള്ള വാർഡുകളെ ഉൾപ്പെടുത്തി എരുമേലി മുനിസിപ്പൽ ടൗൺഷിപ്പും ബാക്കി 9 മുതൽ 18 വരെ വാർഡുകളെ ഉൾപ്പെടുത്തി മുക്കൂട്ടുതറ ഗ്രാമപഞ്ചായത്തും രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം ശ്രീ. പി.സി.ജോർജ് ബഹു. ഗവ. ചീഫ് വിപ്പ് നൽകിയ കത്തിൻെറ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.3.2012ന് ചേർന്ന യോഗത്തിൽ എരുമേലി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ഉൾപ്പെടുത്തി ടൗൺഷിപ്പ് സംബന്ധിച്ച് പ്രഖ്യാപനം/ഉത്തരവ് ഇറക്കുന്ന കാര്യം പരിഗണിക്കാമെന്ന് ബഹു. മുഖ്യമന്ത്രി അഭിപ്രായപ്പെടുകയും, ടി ആവശ്യത്തിന് ബഡ്ജറ്റിൽ 2 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉടനെ നടത്തുന്നതിനുള്ള നടപടികൾ ആലോചിക്കുന്നതാണെന്നും ബഹു. ദേവസ്വം മന്ത്രി അറിയിക്കുകയും ചെയ്തു. കൂടാതെ ഗ്രാമപഞ്ചായത്തിൻെറ ബൈഫർക്കേഷൻ ഉടനെ വേണ്ടെന്നും ഒരു കമ്മിറ്റിയെ നിയോഗിച്ച് പ്രായോഗികമായ പ്രവർത്തനങ്ങൾ പഠിച്ച് നടപ്പിലാക്കുന്നതിനും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

മേൽ വിവരിച്ച സാഹചര്യത്തിൽ എരുമേലി ഗ്രാമ പഞ്ചായത്തിന്റെ ബൈഫർക്കേഷൻ സംബന്ധിച്ച് പ്രായോഗികമായ പ്രവർത്തനങ്ങൾ പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. പി.സി.ജോർജ്ജ്, ഗവൺമെന്റ് ചീഫ് വിപ്പ്, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത് എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. ജമുന,
അഡീഷണൽ സെക്രട്ടറി.

ശ്രീ. പി.സി.ജോർജ്ജ്, ഗവൺമെന്റ് ചീഫ് വിപ്പ്
പഞ്ചായത്ത് പ്രസിഡന്റ്, എരുമേലി,
സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം/പത്തനംതിട്ട
ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ. കോട്ടയം/പത്തനംതിട്ട,
എം.പി., എം.എൽ.എ, എരുമേലി
ദേവസ്വം ബോർഡ് പ്രതിനിധി.
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
ജില്ലാ പഞ്ചായത്ത് മെമ്പർ, എരുമേലി ഡിവിഷൻ.
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കാഞ്ഞിരപ്പള്ളി
മുസ്ലീം ജമായത്ത് പ്രസിഡന്റ്, എരുമേലി.
ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
പി.ആർ.ഡി. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെകട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെകട്ടറിയുടെ പി.എ യ്ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നഗരകാര്യവും ന്യൂനപക്ഷവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ